## 284

കാൽവറി ക്രൂശിൽ കാണുന്ന രൂപമേ!
കന്മഷക്കൂരിരുൾ നീക്കും പൊൻദീപമേ!
എന്തു കനിവോ! സ്വന്തനിണവും
ചിന്തി മഹാമൃതിയേന്തിയതാമി-

1 എന്നുടെ സഖിയായി മരുവിടാ-
നന്യരാൽ നിന്ദിതനായിത്തീരേണമോ?
ആരും തുണയില്ലാതെ വലയാതഗതിയാമെന്നെ കരുതുക തന്നെ

2 നന്മ ചെയ്തു നടന്ന പാദങ്ങളിൽ
വൻ മുറിവേകിടുന്നാണികൾ മുനയാൽ
എൻനടപ്പു നന്നാകുവതിന്നായൊന്നുമില്ലേയന്യമാർഗ്ഗമിതെന്യേ!

3 ആണികൾ നിജപാണി യുഗങ്ങളെ ശോണിതപൂരിതമാക്കി കാണുന്നിതാ!
എൻക്രിയകളിൻ വൻകലുഷത നീക്കുകയാണിതു നോക്കിയ ഹേതു-

4 മുൾമുടിയതുമൂലം മുറിഞ്ഞിതാ! തൻമുഖത്തൂടൊഴുകുന്നു തങ്കനിണം
എൻനിനവിലെ തിന്മയഖിലം ശിരസ്സിലേറ്റിടുവാൻ മനസ്സലിഞ്ഞോനേ-

5 മാ മരക്കുരിശ്ശായി ബലിപീഠം വാനവനീശ്വരനായി യാഗമൃഗം
മരത്തിൽ തൂങ്ങുവോൻ ശപിക്കപ്പെട്ടവൻ
ലിഖിതമിതീവിധമായി നിർവ്വാദം- **T.K.S.**